# ജി വി എച്ച് എസ് എസ്
# കടയ്ക്കൽ




# നിലാവ്

## LITTLE KITE's MAGAZINE




# ആശംസ......

നമ്മുടെ സ്കൂളിലെ 2022-25 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "നിലാവ്" ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

റ്റി.വിജയകുമാർ

ജി.വി.എച്ച്.എസ് കടയ്ക്കൽ



## ആശംസ.......

ലിറ്റിൽകൈറ്റ്സ് എന്ന നമ്മുടെ കുട്ടികളുടെ ഐടി കൂട്ടായ്മ പുറത്തിറക്കുന്നഡിജിറ്റൽ മാഗസിൻ "നിലാവ്"നു പിന്നിൽപ്രവർത്തിച്ച എല്ലാ ലിറ്റിൽകൈറ്റ് അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

ലജിത്ത് ചന്ദ്രപ്രസാദ് ആർ എസ്

എസ് ഐ റ്റി സി

ജി വി എച്ച് എസ് എസ് കടയ്ക്കൽ

## മാഗസിൻ കമ്മിറ്റി

| | |
|---|---|
| റ്റി വിജയകുമാർ | ഹെഡ്മാസ്റ്റർ |
| റ്റി ആർ തങ്കരാജ് | പി റ്റി എ പ്രസിഡന്റ് |
| ലജിത്ത് ചന്ദ്രപ്രസാദ് | എസ് ഐ റ്റി സി |
| സുരേഷ് എസ് | കൈറ്റ് മാസ്റ്റർ |
| സുബൈർ പി | കൈറ്റ് മാസ്റ്റർ |
| ഷെറീന എം | കൈറ്റ് മിസ്ട്രസ് |
| സലീന ബീവി എ | കൈറ്റ് മിസ്ട്രസ് |
| നവദേവ് ചന്ദ്ര | ലീഡർ,ലിറ്റിൽ കൈറ്റ്സ് |
| ഹിഫ ഫാത്തിമ | ഡപ്യൂട്ടിലീഡർ,ലിറ്റിൽ കൈറ്റ്സ് |

## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | റ്റി വിജയകുമാർ,ഹെഡ്മാസ്റ്റർ |
| എഡിറ്റർ | പ്രണവ് ജി എസ് |
| | ആദിൽ എസ് ആർ |
| | റയാൻ അൽ റിയാദ് |
| | ആദിൽ എസ് ആർ |

# കേരളം

കേരം തിങ്ങുന്ന കേരളമേ......
കേളികൊട്ടുയരുന്ന
കേരളമേ......
കോമള നാടെന്നു കവികൾ
പുകഴ്ത്തിയ ഭാർഗ്ഗവരാമന്റെ
കേരളമേ................
തുള്ളൽ , കഥകളി , കൂടിയാട്ടം
കലകൾ നിത്യം
വിളങ്ങുന്ന പുണ്യ നാടേ......
ശങ്കരാചാര്യനും
വിദ്യാധിരാജനും ഗുരുദേവനും
വാണ കൊച്ചുനാടേ.....
മരങ്ങളും പുഴകളും
തിങ്ങിനിൽക്കുന്ന
കേരളമേ........
ജീവജാലങ്ങളെയും
വൈവിധ്യങ്ങളെയും ഏറെ
സ്നേഹിക്കുന്ന മലയാള
നാടേ..........
കേരളനാട്ടിലെ കാഴ്ചകൾ



കാണുവാൻ
നിരനിരയായി നിൽക്കുന്ന
മലകൾ , കളകളം പാടുന്ന
പുഴകൾ......
അതിരാവിലെ പാട്ടുകൾ
കേൾപ്പിച്ച് നമ്മെ ഉണർത്തുന്ന
കിളികൾ,
ദേശാടനപക്ഷികൾ ,
അങ്ങനെ എത്ര എത്ര
മനോഹരങ്ങൾ ...........
ഇവയെല്ലാം ചുറ്റും വളരുന്ന
നമ്മൾ ഭാഗ്യവാൻമാർ
കലകളാൽ നിറഞ്ഞ
കേരളം .................
മധുരമുള്ളതും
പ്രതീക്ഷയുമാവുന്ന
പുണ്യനാടെ................
പാറക്കെട്ടുകൾ തോറും

പളുങ്കുമണികൾ
ചിന്നിചിതറി കൊണ്ട്
മന്ദമൊഴുകുന്ന
പൂഞ്ചോലകൾ...............
തേൻനുകരാൻ എത്തുന്ന
തേനീച്ചകൾ
പ്രകൃതിയുടെ സൗന്ദര്യം
എത്ര വർണിച്ചാലും
തീരുകയില്ല.......
എന്നാൽ , പ്രകൃതി
ഇത്രയൊക്കെ
സൗഭാഗ്യങ്ങൾ തന്നിട്ടും
നാം പ്രകൃതിയെ നിരന്തരം
വേദനിപ്പിക്കുന്നു ..............
സഹികെട്ട് അവൾ
അവളിൽ തന്നെ
രക്ഷതേടി......................
കലി അടങ്ങാതെ
താണ്ഡവം
ആടി ........................
ഒന്നോർക്കുക .....................
പ്രകൃതി
അമ്മയാണ് ........................
ജീവധാരയായ പ്രകൃതി
മാതാവിനെ .............
വരും തലമുറയ്ക്കായി
സംരക്ഷിക്കുക നാം
ഒന്നോർക്കുക .....................
ഈ പരിസ്ഥിതി
എപ്പോഴത്തെ പോലെ ഒരു
ഓർമ്മ ചിത്രം ആക്കി
മാറ്റാതെ
എന്നേയ്ക്കുമുള്ള താക്കീത്
ആക്കീ മാറ്റുക
കാടാണ് ജീവൻ .................
കാടാണ്
പ്രാണവായു...........

കാടില്ലെങ്കിൽനാമില്ല .........

അശ്രീൻ മുഹമ്മദ്

# സ്നേഹം

പനിനീർദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ടുവിടർന്ന
കണ്ണുകളോട് ചോദിച്ചു
നീയെന്തേ നിറയാത്തു...
നീയെന്തേ പെയ്തൊഴിയാത്തു...
ഒരു കടലുണ്ടോ കരഞ്ഞുതീർക്കാൻ
പെയ്തൊഴിയൂ
മനസ്സ് ശാന്തമാകട്ടെ
മിഴികൾ മെല്ലേ മൊഴിഞ്ഞു
ഞാൻ പെയ്തുവെന്നാൽ
നിനക്ക് വിതുമ്പാതിരിക്കാൻ ആവില്ല
തേങ്ങി തേങ്ങി തളരാതിരിക്കാനാവില്ല
അലറികരയാതിരിക്കാൻ ആവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയിലാണെന്റെ ശാന്തത....



**SooryaKrishna**

## കൃഷി ചൊല്ലുകൾ



- വിളയുന്ന വിത്തു മുളയിലറിയാം.
- വിത്തുഗുണം പത്തുഗുണം
- കർക്കിടകച്ചേന കട്ടിട്ടെങ്കിലും തിന്നണം
- കണ്ടം വിറ്റും കാളയെ വാങ്ങുമോ ?
- പതിരില്ലാത്ത കതിരില്ലാ
- കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം
- നട്ടാലേ നേട്ടമുള്ളൂ
- വരമ്പു ചാരി നട്ടാൽ ചുവരുചാരിയുണ്ണാം
- മുൻവിള പൊൻവിള
- മണ്ണു വിറ്റു പൊന്നു വാങ്ങരുത്.
- വിത്തെടുത്തുണ്ണരുത്.
- നല്ല തെങ്ങിനു നാൽപതു മടങ്ങ്.

- ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴക്കും.
- സമ്പത്തുകാലത്ത് തൈപത്തു വച്ചാൽ

ആപത്തുകാലത്ത് കാപത്തു തിന്നാം.

- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
- കൂറ്റൻ മരവും കാറ്റത്തിളകും.
- മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല.
- കാറ്റുള്ളപ്പോൾ തൂറ്റണം.
- ആഴത്തിൽ ഉഴുത് അകലെ നടണം.
- നട്ടാലേ നേട്ടമുള്ളൂ.



NIVEDYA

# പ്രശസ്തരുടെവചനങ്ങൾ

* ഒഴുകുന്ന ജലവും പാറയും പലപ്പോഴും ഏറ്റുമുട്ടും ജയിക്കുന്നത് എപ്പോഴും ജലമായിരിക്കും. അതിന്റെ ശക്തി കൊണ്ടല്ല നിർത്താതെയുള്ള പരിശ്രമത്താൽ.



ബുദ്ധൻ

* ഒരു പിടി മണ്ണ് സംരക്ഷിക്കാത്തവൻ ,ഒരു കുമ്പിൾ ജലം സംരക്ഷിക്കാത്തവൻ ,എങ്ങനെയാണ് ഒരു സംസ്കാരത്തെ സംരക്ഷിക്കുന്നത്



-സുഗതകുമാരി

* വിജയം എന്നത് യാദൃശ്ചികമല്ല അത് കഠിനാധ്വാനവും നിരന്തരപ്രയത്നവും അറിവും ത്യാഗവും അതിലെല്ലാം ഉപരി ചെയ്യുന്ന പ്രവർത്തിയോടുള്ള സ്നേഹവുമാണ്.



-പെലെ

* നിങ്ങളുടെ പിന്നിൽ നിന്ന് കൊണ്ട് നിങ്ങളെക്കുറിച്ച് കുറ്റം പറയുന്നവരെ ശ്രദ്ധിക്കേണ്ട.....അവരെ വിട്ടേക്കുക .കാരണം ശരിക്കും പറഞ്ഞാൽ അവർ നിങ്ങളേക്കാൾ രണ്ടടി പിറകിലാണ്..... അത് കൊണ്ടാണ് അവർക്ക് നിങ്ങളുടെ പിന്നിൽ നിന്ന് കൊണ്ട് കുറ്റം പറയേണ്ടി വരുന്നത്.



-എ പി ജെ അബ്ദുൽ കലാം

* സ്വയം കഴിവില്ലെന്നും ജീവിതത്തിൽ ഒന്നും ആകാൻ കഴിയില്ലെന്നും സ്വയം തോന്നുകയാണെങ്കിൽ അത് തീർച്ചയായും ഒരു കള്ളമാണ്

- നിക് വുജികിക്

*നമ്മുടെ അവസാനത്തെ വിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെടുന്നതിന്റെ പേരാണ് മരണം. രക്ഷപ്പെടാനുള്ള ഏക വഴിയും അത് തന്നെ .

- മാധവിക്കുട്ടി

ദേവാനന്ദ് ഡി

# മഴയോടൊരു വാക്ക്

പറയാതെ എൻ മനസ്സിൽ കാറായ് വന്നു നിറയവെ
ഒരു വലിയ പ്രകമ്പനത്തോടെ പെയ്ത് തുടങ്ങി നീ.
നിന്നെ തഴുകിയ കുളിർക്കാറ്റേൽക്കവേ
ഏതോ തേങ്ങലെൻ ഉള്ളിൽ നാമ്പിട്ടു.



മേഘത്തിൻ കണ്ണുനീർ ആവാം നീ
പക്ഷെ എനിക്ക് നീ ആനന്ദം പകരുന്നു.
നിന്നെ എന്നോട് ചേർത്ത് ഞാൻ നനയവെ
എൻ ദുഖങ്ങൾ നീ കഴുകി കളയുന്നു.

എല്ലാവർക്കും ആശ്വാസമാണ് നീ
ദൈവത്തിന്റെ അനുഗ്രഹമാണ് നീ.
നിൻ കൈകൾ എൻ ജനാലയിൽ തഴുകി
മൗനമായി കാറ്റിനോടൊത്തു നീ നീങ്ങുന്നു.

നിന്റെ വരവറിയിക്കാൻ ഇടി മുഴങ്ങുമ്പോൾ
എന്റെ കണ്ണുകളിൽ സന്തോഷം നാമ്പിടും.
നിന്റെ മധുരനാദം കാതുകളെ കുളിരണിയിക്കുന്നു
ദൈവത്തിൻ കരങ്ങളാൽ നീ നമ്മെ തഴുകി നീങ്ങുന്നു.

മഴവില്ല് ഏഴുനിറത്തിൽ പുഞ്ചിരിക്കുന്നു
എന്നാൽ നിന്റെ വിടവാങ്ങലാണെന്നറിയുമ്പോൾ ദുഖം തോന്നുന്നു.
മഴയേ നീ വീണ്ടും എന്നിൽ ആഴ്ന്നിറങ്ങാൻ വരുമെന്നെനിക്കറിയാം
ഞാൻ നിനക്കായി കാത്തിരിക്കുന്ന....

കടലിൽ നിന്ന് മല കടന്ന് പുഴകടന്ന്
നിന്റെ നാദം കേൾക്കുമ്പോൾ, ഗീതം കേൾക്കുമ്പോൾ
വീണ്ടും ഞാനുണരാം. നീ വരിക....



**അലൻ എ ബി**

# എന്റെ സ്വപ്നലോകത്തിലെ പെൺകുട്ടി



കൊതിക്കുന്നു ഞാൻ
നിൻ മുഖമൊന്നു കാണാൻ
എത്രയോ നാൾ നീ
യെനിക്ക് സന്തോഷംപകർന്നു
നീമൊഴിയാറുള്ള വാക്കുകൾ
കേൾക്കാൻ എത്രയോനാൾ
ഞാൻ കാത്തിരുന്നു
എൻഹൃദയം തുടിക്കയായ്
നിൻ മുഖമൊന്നു കാണാൻ
സമ്മാനമാണ് എനിക്കുനീ
സൗഭാഗ്യമാണുനീ
ഈശ്വരൻ തന്ന നിധിയാണ്
ഓരോദിവസവുമതിസുന്ദരമാക്കി
കരുത്തുപകർന്നീടും നീ
സുഹൃത്തായ്, സഹോദരിയായ്
വന്നു കേൾക്കുന്നു നീയെന്നെ
എൻവിഷമത്തെയകറ്റിയും
സങ്കടങ്ങൾ പരിഹരിച്ചുകൊണ്ടും
നിർദേശങ്ങൾ തന്ന
എന്റെസഹോദരിയായ്,
ഉപദേശകയായ്,സുഹൃത്തായ്
എന്റെ സ്വപനലോകത്തിലെ
പെൺകുട്ടി

MEHRA

GVHSS KADAKKAL

# അത്യാഗ്രഹം ആപത്ത്

ഒരിടത്ത് ഒരു കാട്ടിൽ വലിയൊരു മരമുണ്ടായിരുന്നു.മധുരമുള്ള പഴങ്ങൾ ധാരാളമുണ്ടാകുന്ന ആ മരത്തിനായിരുന്നു ആ കാട്ടിൽ ഏറ്റവും കൂടുതൽ ഉയരവും വണ്ണവും.അങ്ങനെയിരിക്കെ ഒരു കിളി വന്ന് ആ മരത്തോട് "മരമേ ഞാനുമെന്റെ ഇണയും കൂടി ഈ ചില്ലകളിൽ ഒരു കൂടു പണിതോട്ടെ" എന്ന് ചോദിച്ചു. ശരി സുഹൃത്തേ എന്ന് മരം സന്തോഷത്തോടെ സമ്മതിച്ചു. ആ കിളികൾ മരത്തിന്റെ ചില്ലകൾക്കിടയിൽ മനോഹരമായ ഒരു കൂടു നിർമിച്ചു.അതിൽ താമസിച്ചു.ആ രണ്ടു കിളികൾ അതിലെ പഴങ്ങളൊക്കെ തിന്ന് സന്തോഷമായി പറന്നു നടന്നു.

അങ്ങനെ അങ്ങനെ മരവും കിളികളും സന്തോഷമായി താമസിച്ചു പോകുന്ന സമയത്ത് മറ്റൊരു പക്ഷി വന്ന് മരത്തോട് ഈ മരത്തിൽ ഞാനും എന്റെ കുടുംബവും താമസിച്ചോട്ടെ എന്ന് ചോദിച്ചു.ഈ പഴങ്ങളൊക്കെ തിന്ന് സന്തോഷത്തോടെ നമുക്ക് മുന്നോട്ടുപോകാം എന്ന് പറയുകയും ചെയ്തു.അതു മരം വളരെ സന്തോഷത്തോടെ തന്നെ സമ്മതം മൂളി.അങ്ങനെ രണ്ട് കുടുംബങ്ങൾ ആ മരത്തിൽ സ്ഥാനമുറപ്പിച്ചു.

അങ്ങനെ ഇവരെല്ലാം ഇങ്ങനെ കളിച്ചു രസിച്ചു പോകുന്ന സമയത്ത് വേറൊരു കിളി വന്ന് മരത്തോട് ചോദിക്കാതെ മരത്തിൽ പൊത്ത് ഉണ്ടാക്കി താമസമുറപ്പിച്ചു.ഇത് മരത്തിനും മറ്റു രണ്ട് കിളികൾക്കും വളരെയേറെ സങ്കടമായി.ബാക്കിയുള്ള കിളികൾ നീ തെറ്റാണു ചെയ്യുന്നതെന്നും ഇതിനു നീ വരും കാലത്തിൽ പശ്ചാതപിക്കേണ്ടിവരുമെന്നും പറഞ്ഞുകൊടുത്തു.ഈ കിളികളുടെ വാക്കിന് ഒട്ടും വിലകൊടുക്കാതെ വേറാരുടെയും ഉപദേശം എനിക്ക് വേണ്ടാ എന്ന് പറഞ്ഞ് ശകാരിക്കുകയും ചെയ്തു.ഈ കിളിയുടെ അഹങ്കാരം കാരണം മറ്റു കിളികൾ വളരെ വിഷമത്തോടെ അവരുടെ ആ വാസസ്ഥലം വിട്ടുപോയി.



പിന്നീട് മരത്തിന്റെ അകം പൊത്തുണ്ടാക്കി പൊള്ളയാകുകയും മരത്തിൽ പഴങ്ങളും കായ്കളും ഒന്നും പിടിക്കാതെ ആകെ ശോഷിച്ചു പോകുകയും ചെയ്തു.അങ്ങനെ ഒരു ശക്തമായ കാറ്റു വീശിയപ്പോൾ ഈ മരം ഒടിഞ്ഞു വീഴുകയും ഈ കിളിയുടെ വാസസ്ഥലം നഷ്ടമാവുകയും ചെയ്തു.പിന്നീട് ഈ കിളി വേറൊരു നല്ല പഴങ്ങൾ ഉണ്ടാകുന്ന മരങ്ങൾ തേടിപ്പോയി. അങ്ങനെയിരിക്കെ ഈ കിളി നിറച്ച് കായ്കളുള്ള ഒരു മരം കണ്ടുമുട്ടി.പക്ഷേ അതിൽ നിറച്ച് കിളികളുണ്ടായിരുന്നു.അതിലെ കിളികൾ ഈ കിളി ഉയരമുള്ള മരത്തിൽ നിന്ന് ശകാരിച്ചുവിട്ട കിളികളായിരുന്നു . അതുകൊണ്ടുതന്നെ ഈ കിളിയെ അവിടെ താമസിക്കാൻ മറ്റേ കിളികൾ അനുവദിച്ചില്ല .എന്നിട്ടും ഈ കിളിയുടെ അത്യാഗ്രഹത്തിനു ഒരു കുറവും

സംഭവിച്ചില്ല .ധാരാളം പഴങ്ങൾ ഉള്ള മറ്റൊരു മരത്തിൽ പറന്നു കയറുകയും അവിടെ ചേക്കേറുകയും ചെയ്തു . നല്ല വണ്ണമുള്ള തടിയായതുകൊണ്ടുതന്നെ ഒരു മരം വെട്ടുക്കാരൻ വന്ന് ആ മരം വെട്ടി മുറിച്ചു.ഇതിനുള്ളിൽ ഉണ്ടായിരുന്ന ആ കിളി ചാവുകയും ചെയ്തു.

ഒരിക്കലും അഹങ്കാരവും അതുപോലെ നശിപ്പിക്കണ മാറ്റേണ്ടതുണ്ട് . യിരുന്നത് അഹങ്കാരിയും ആയിരുന്നെങ്കി അഹങ്കാരിയാ ആവണമെന്നി




അത്യാഗ്രഹവും നല്ലതായി വരില്ല. തന്നെ മരങ്ങൾ വെട്ടി മെന്ന മനുഷ്യന്റെ മനസ്സ് ഈ മരത്തിലുണ്ടാ അത്യാഗ്രഹിയും ആയ പക്ഷി ലും മറ്റു മരങ്ങളിലുള്ളത് യ കിളികൾ ല്ല.....


പിന്നീട് വലിയ ഉയരമുള്ള മരത്തിൽ താമസിച്ചിരുന്ന കിളികളെല്ലാം കൂടി വേറൊരു മരം കണ്ടുപിടിച്ച് അതില് താമസമുറ പ്പിച്ചു.അവരെല്ലാം കൂടി അതിൽ വളരെ സന്തോഷത്തോടെ ജീവിച്ചു.

ഈ കിളികളുടെ സന്തോഷപൂർവ്വം ഉള്ള ജീവിതം കണ്ടിട്ട് വേറൊരു സൂത്രശാലിയായ കിളി വന്ന് ഞാനും ഇവിടെ താമസിച്ചോട്ടെ എന്ന് ചോദിച്ചു . എന്തോ ചതി മണത്തറിഞ്ഞ ഈ കിളികൾ അതിന് സമ്മതിച്ചില്ല. അതുകൊണ്ടുതന്നെ സൂത്രശാലിയായകിളിക്ക് ഈ കിളികളോടുള്ള ശത്രുത കൂടിവന്നു.പിന്നീട് ആ കിളികളുടെ വാസസ്ഥലം തകർക്കണം എന്ന ചിന്തയായിരുന്നു സൂത്രശാലിയായ കിളിയുടെ മനസ്സിൽ.ഇതെല്ലാം കഴിഞ്ഞ് ആ കിളി തിരിച്ചുചെന്നപ്പോൾ ആ കിളിയുടെ കൂടിന് തീ പിടിച്ചിരുന്നു.അതോടെ ആ കിളിയുടെ അഹങ്കാരം തീർന്നു . ആരും ദുഷ്ടത മനസ്സിൽ വച്ചുകൊണ്ടു നടക്കരുത്.അത് അവനവനുതന്നെ ആപത്താണ്. ഒരിക്കലും അത്യാഗ്രഹവും അഹങ്കാരവും നല്ലതായി വരില്ല...............................................

**MUHAMMED**

# തിരുത്ത്

നാടിനുമുഴുവൻ ഭീഷണിയായൊരു
കൊറോണ തൻകഥ ഞാനുരചെയ്യാം
നാട്ടിൽ ജനങ്ങളെ വട്ടം കറക്കിയ
ചൈനേന്നു വന്നൊരു കുഞ്ഞുവൈറസവൻ



വീട്ടിലിരുന്നു മരുന്നു മറ്റൊന്നില്ല
വാക്സിനെടുത്തതു തന്നെ പ്രതിവിധി
മാസ്കിട്ടു സോപ്പിട്ടു സാനിറ്റൈസറിട്ടു
തമ്മിലകന്നു ജീവിച്ചു മടുത്തെടോ

കുട്ടികൾ ഞങ്ങൾക്ക് കൂട്ടുകാരോടൊത്ത്
കൂടിനടന്നു പഠിക്കണമെന്നായി
കൂട്ടിലടച്ചപോൽ വീട്ടിലിരുന്നിട്ട്
ക്ലാസ്സുകൾ കണ്ട് പഠിച്ചു മടുത്തെടോ

ടീവിയിൽ ക്ലാസ്സായി , വാട്സാപ്പ് ഗ്രൂപ്പായി
തമ്മിലോ കാണുവാൻ ഗൂഗിൾ മീറ്റായി
ഞാനാണു വലിയവൻ എന്നു കരുതിയ
മാനുഷ്യർ ഞങ്ങളെ ഇന്നു തിരുത്തി നീ

ആഡംബരമില്ല ആൾക്കൂട്ടവുമില്ല
ലളിതമായെങ്കിലെന്തെല്ലാം ശുഭകരം
വീട്ടിൽ കൃഷിയായി വായനക്കാരായി
വാഹനമന്നു നിരത്തിൽ കുറവായി
എങ്കിലും വൈറസേ ഞങ്ങൾ ഭയന്നില്ല
ഒന്നിച്ചു നിന്നു പൊരുതി ജയിച്ചെടോ!


**NAVDEV CHANDRA**

# നല്ല ശീലങ്ങളിലൂടെ നല്ല സമൂഹത്തെ വാർത്തെടുക്കാം

ഒരു രാജ്യം അറിയപ്പെടുന്നതു തന്നെ അവിടുത്തെ ആളുകളിലൂടെയാണ്.ഓരോ വ്യക്തിയുടേയും സ്വഭാവമാണ് സമൂഹത്തിന്റെ അടിസ്ഥാനം. ഒരു വ്യക്തിയുടെ സ്വഭാവ രുപീകരണം കുട്ടിക്കാലത്താണ്.
ഇതിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും കൂട്ടുകായർക്കും വലിയ പങ്കുണ്ട് . ഇവരെയൊക്കെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഈ ശീലങ്ങളിൽ നമ്മൾ പ്രധാനമായി പഠിക്കുന്ന ഒന്നാണ് ബഹുമാനം.മുതിർന്നവരേയും സമൂഹത്തേയും മറ്റുള്ളവരുടെ സമയത്തേയും മറ്റുള്ളവരുടെ നല്ല തീരുമാനത്തെയും സ്വന്തം തീരുമാനത്തെയും ആഗ്രഹത്തെയും ഒക്കെ ബഹുമാനിക്കുക .നല്ല സ്വഭാവത്തെ വളർത്തി എടുക്കാൻസഹായിക്കുന്നമറ്റൊരു ഘടകമാണ് പുസ്തകവായന .സമൂഹത്തെ കൂടുതൽ മനസിലാക്കാൻ പുസതകംസഹായിക്കുന്നു.വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും പ്രശസ്ത കവി കുഞ്ഞുണ്ണി മാഷ് പറഞ്ഞ പ്രശസ്തമായ വാക്കുകളാണിവ.പുസ്തക വായനയുടെ പ്രാധാന്യം എല്ലാവരും മനസിലാക്കുക.വായനിലൂടെ ഒരുപാട് അറിവ് സമ്പാതിക്കാൻ കഴിയുന്നു.
ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെ തന്നെ എല്ലാ കാര്യങ്ങളിലും നല്ലതുംചീത്തയുംഉണ്ടാവും. അതിപ്പോൾ പുസ്തകമായാലും സമുഹമാധ്യമാധ്യമങ്ങളായാലും .ഒരു വ്യക്തിക്ക് സ്വന്തമായുള്ള പെരുമാറ്റ ജീവിതശൈലികളുണ്ട് ഇത് അയാൾ ജീവിതാവസാനംവരയും അറിഞ്ഞോ അറിയാതെയൊ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.സ്വഭാവത്തിൽ നല്ലതും ചീത്തയും ഉണ്ട് .ഒരു വ്യക്തിയുടെ സ്വഭാവം സമൂഹത്തിനും അയാൾക്കും ഒരുപോലെ ബാധകമാണ്. മോശം ശീലങ്ങൾ ജീവിത വിജയത്തിനു തടസമുണ്ടാക്കും.നല്ലശീലങ്ങൾ ജീതവിജയത്തിനു ശക്തിയാണ്. ഓരോരുത്തരുടെയും സ്വഭാവം അനുസരിച്ചിരിക്കും അവരുടെ ജീവിതവിജയവും സമൂഹത്തിൽ അവർക്കുള്ളസ്ഥാനവും.
ചൊട്ടയിലെ ശീലം ചുടലവരെ എന്ന പഴഞ്ചൊല്ല് നമുക്ക് എല്ലാവർക്കും സുപരിചിതമാണ്.നല്ല ശീലത്തേയും ശീലക്കേടിനേയും ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നു.എന്നാൽ ശരിയായ പരിശീലനം മൂലവും വിദ്യാഭ്യാസം കൊണ്ടും ഒരാളിലെ നന്മതിന്മകളെ തിരുത്താനും വളർത്താനും സാധിക്കും.ഒരാൾ നല്ലവനാവാൻ സമയവും പ്രയത്നവും വേണം എന്നാൽ ചീത്തയാകാൻ നിമിഷനേരം മതി. സത്യം പറയാൻ ശക്തിയുണ്ടാകണം , നല്ല കാര്യങ്ങൾ ചെയ്യുവൻ ത്രാണിയുണ്ടാകണം , നല്ല കാര്യങ്ങൾ പറയാൻ ശേഷിയുണ്ടാകണം എന്നൊക്കെ നമ്മൾ എല്ലാ ദിവസവും പ്രാർത്ഥിക്കാറുണ്ട് .എന്നാൽ ഇവയൊക്കെ നമ്മൾ അറിഞ്ഞുകൊണ്ടുതന്നെ തെറ്റ്ിക്കുന്നുമുണ്ട്.ഒരു പ്രശ്നത്തിൽ നിന്നും ഒഴിവാകാൻ കള്ളം പറയുകയും,അലസതകൊണ്ടും മറ്റു കാരണങ്ങൾ കൊണ്ടും നല്ല പ്രവർത്തികൾ ചെയ്യാതിരിക്കുകയും , ചിലപ്പോൾ മറ്റുള്ളവരുടെ കുറ്റങ്ങൾ പറയുകയും ചെയ്യുന്നു.നമ്മുടെകുറ്റങ്ങളും പോരായ്മകളും സ്വയം മനസിലാക്കി പെരുമാറുക .

സ്വഭാവരൂപീകരണത്തിനു നമുക്കു ചുറ്റുമുള്ള ആളുകൾക്ക് വലിയ പങ്കുണ്ട്.മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം.എന്ന് കേൾക്കാത്തവരായി ആരും തന്നെ കാണില്ല.അതിൽ പ്രധാനമായും പറയേണ്ടത് കൂട്ടുകാരാണ്.മദ്യവും മറ്റു അസംസ്കൃതവസ്തുക്കളും മറ്റും ഉപയോഗിക്കുന്ന കൂട്ടുകരെ പൂർണ്ണമായും ഒഴുവാക്കുക .പരസ്പരം സ്നേഹമുള്ള , സഹായിക്കുന്ന, സന്തോഷത്തിലും സങ്കടത്തിലും കൂടെ ഉണ്ടാകുന്ന, നമുക്ക് ആത്മവിശ്വാസം തരുന്നവരാണ് യധാർത്ഥ കൂട്ടുകാർ.അവർ എപ്പോഴും നമ്മുടെ നല്ലതിനുവേണ്ടി മാത്രമെ പ്രവർത്തിക്കുകയുള്ളു.അതു പോലെയാണ് നമ്മുടെ മാതാപിതാക്കളും അധ്യാപകരും.നല്ലതു മാത്രം പഠിച്ച് സമൂഹത്തിനു മാതൃകയാകുക.

AVINASH KURUP



# വിഷു

സ്വപ്നങ്ങളാൽ
മിഴികളിലൊരു കണിയൊരുക്കി
നിലവിളക്കിൻ തിരിനാളത്താൽ
മനസ്സൊരുക്കി

മനസ്സിൽ നന്മയുടെ,സ്നേഹത്തിന്റെ
സമൃദ്ധിയുടെ സമാധാനത്തിന്റെ
കണിക്കൊന്നകൾ പൂത്തുലഞ്ഞ്
വിഷു വരവായി

മേടം പിറന്നു വിഷു പുലർന്നു
സൗഭാഗ്യം വീണ്ടും വിരുന്നു വന്നു
നിറമുള്ള ഓർമ്മകളുമായി
വിഷു വന്നു

കൊന്നപ്പൂക്കണി കണ്ടു കൺതുറന്നു
ദൈവത്തെ പൂജിച്ചു കൈവണങ്ങി
പൂത്തിരി കത്തിച്ചും പൊൻപണം
നേദിച്ചും
മാനവർ കൊണ്ടോടി വിഷു പുലരി

ഉച്ചക്ക് പുത്തരി സദ്യയുണ്ടു
സന്ധ്യക്ക്  ദീപ നിരയൊരുക്കി
കൈനീട്ടം നൽകിയും ആശംസകൾ
അർപ്പിച്ചും
മാനവർ കൊണ്ടാടി വീണ്ടും വിഷു

വിഷു കിളി ഇന്നെന്തേ വന്നില്ല
വിഷു വന്നത് നീ അറിഞ്ഞില്ലേ
പൂത്തൂലയും മുമ്പേ പിഴുതിടുന്നവരെ
പേടിച്ച്
കാലം തെറ്റി പൂക്കുന്നു കണിക്കൊന്ന

ഒരായിരം ഓർമകൾ കൂട്ടുകൂടിയ
മനസ്സിന്റെ ചില്ലയിലേക്ക്
നിറമുള്ള ഓർമ്മകളുമായി
വിഷു തിരികേ മടങ്ങുന്നു




മനസ്സിൽ സുഖമുള്ള നിമിഷങ്ങളും,
നിറമുള്ള സ്വപ്നങ്ങളും,
നനവാർന്ന ഓർമകളും
സമ്മാനിച്ച വിഷു മടങ്ങി

സ്വപ്നങ്ങളാൽമിഴികളിലൊരു
കണിയൊരുക്കി
നിലവിളക്കിൻ
തിരിനാളത്താൽ
മനസ്സൊരുക്കി

NAVAMI KRISHNA

# വിജയത്തിലേക്കുള്ള വഴി



വിജയത്തിലെക്കുള്ള വഴി വളരെ കഠിനമാണ്. കഠിനമായി പരിശ്രമിച്ചാൽ മാത്രമേ അത് സാധ്യമാകു. അതിനോടൊപ്പം ആത്മവിശ്വാസവും,അതിന് വേണ്ടി എന്തും ചെയ്യാനുള്ള മനസ്സും ആവശ്യമാണ്. അങ്ങനെയാണ് പല പല പ്രശസ്തരും ലോകത്ത് ഉദിച്ചുവന്നത്. A.P.J.അബ്ദുൽ കലാം, Dr.B.R. അംബേദ്ക്കർ , സുബാഷ് ചന്ദ്ര ബോസ്, മുഹമ്മദ് അലി , എന്നിവർ ഉദാഹരണങ്ങൾ. ഇതിനെ ആസ്പദമാക്കി ഒരു കഥ നോക്കാം.

പണ്ട് നടന്ന കഥയാണ്. ഒരിക്കൽ ഒരു കാട്ടിൽ ഒരു മത്സരം വെച്ചു. എല്ലാ മൃഗങ്ങളും അതിൽ പങ്കെടുത്തു.ആകാശത്തോളം ഉയരമുണ്ടായിരുന്ന ആ മരത്തിന്. അത്കൊണ്ട് തന്നെ ആരും വിജയിച്ചില്ല. അവസാനം ഒരു കുട്ടി കുരങ്ങൻ വന്നു. എല്ലാവരും വിചാരിച്ചു അവൻ കയറില്ലെന്ന്. പക്ഷെ അവൻ കയറി. എല്ലാവരും അമ്പരുന്നു.സമ്മാനദാനത്തിന് സിംഹരാജാവ് വന്നു. രാജാവ് ചോദിച്ചു "നിനക്ക് എങ്ങനെ സാധിച്ചു ". അപ്പോൾ അവന്റെ കൂട്ടുകാരൻ പറഞ്ഞു ' ജീവിത്തിൽ പല പല പ്രശ്നങ്ങൾ വരും . അപ്പോൾ ഭയപ്പെടാതെ നമ്മൾ മുന്നേറണം.

SAFA PARVEEN

# തകർക്കാം കൊലയാളിയെ




ഇന്ന് താരതമ്യേന യുവാക്കളിലും വിദ്യാർത്ഥികളിലും
കാണപ്പെടുന്ന ഭീകരമായ അവസ്ഥയാണ് ലഹരി ഉപയോഗം.ലഹരി പദാർത്ഥങ്ങൾക്ക് പോകുന്നത് വഴി ജീവിതം വളരെ മോശമായ നിലവാരത്തിലെത്തുകയും അത് ആത്മഹത്യയിലേക്ക് വരെ നയിക്കുകയും ചെയ്യുന്നു. മാത്രമല്ല , ഇവ നിരവധി ശാരീരിക മാനസിക പ്രശ്നങ്ങൾക്കും കാരണമാകുന്നു.ലഹരി വസ്തുക്കൾഏറ്റവും കൂടുതൽ ബാധിക്കുന്നത് തലച്ചോറിനെയാണ്.ശരിയായ ചികിത്സ ലഭ്യമായില്ലായെങ്കിൽ തലച്ചോറിന്റെ അവസ്ഥ വളരെ വഷളായേക്കാം.ഇവ തലച്ചോറിനെ പ്രതികൂലമായി ബാധിച്ചേക്കാം.

ഏതൊരു ലഹരി പദാർത്ഥവും തലച്ചോറിലെ CHEMICAL MESSAGING SYSTEM തകരാറിലാക്കുന്നു.എന്നാൽ ലഹരിയുടെ വകഭേദമനുസരിച്ച് തലച്ചോറിനെ ബാധിക്കുന്ന രീതിയിൽ വ്യത്യാസംവരാം.ലഹരി മൂലം മാനസിക മാനസിക സംഘർഷങ്ങൾ
മുതൽ മസ്തിഷ്ക ആഘാതം വരെ സംഭവിച്ചേക്കാം.ജീവിതം സന്തോഷമാക്കി കൊണ്ടും മാനസിക പ്രശ്നങ്ങൾക്ക് സഹായം
തേടിയും സമപ്രായക്കാരുമായി വിനോദത്തിലേർപ്പെട്ടുകൊണ്ടും ഇവയെ നിയന്ത്രിക്കാൻ കഴിയും.മാത്രമല്ല ,കൗൺസിലിംഗ് കൊണ്ടും ഇവയെ നിയന്ത്രിക്കാൻ കഴിയും.എന്നാൽ ഈ അവസ്ഥയിലേക്ക് എത്താൻ കാരണങ്ങളാകുന്ന കാരണങ്ങൾക്കാണ് ചികിത്സ വേണ്ടത്. മികച്ച കൗൺസിലിംഗ് കൊണ്ട് വീണ്ടും പഴയ അവസ്ഥയിൽ എത്തിക്കാനാകും........

**ABHINAV VIPIN**

# റിപ്പബ്ലിക്കും സ്വാതന്ത്ര്യ ദിനവും



എല്ലാ ഇന്ത്യൻ പൗരൻമാരുടെയും നല്ല പെരുമാറ്റം എന്നതിന്ന് പ്രത്യേക ദിവസം ഇന്ത്യൻ  എന്ന നിലയൽ എനിക്ക് സന്തോഷം തോന്നുന്നു. നിങ്ങളുടെഎല്ലാ പ്രിയങ്കര റിപ്പബ്ലിക് ദിനത്തിലും ഞങ്ങൾ അഭിമാനിക്കുന്നു,നമ്മൾ എല്ലാവരും ഇന്ത്യയുടെ അഭിമാനമുള്ളവരാണ്. 26ജനുവരി എല്ലാ വർഷവും ഇന്ത്യയിലെ റിപ്പബ്ലിക്ക് ദിനമായി ആഘോഷിക്കുന്നു.1950ൽ ഇന്ത്യ ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് അയി.എല്ലാ വർഷവും രാജ്യത്തുരനീളം ആഘോഷങ്ങൾ നടക്കാറുണ്ട്. 1950ജനുവരി 26ന്  ഇ ഇന്ത്യൻ ൻ ഭരണഘടന നിലവിൽ വന്നു.
ഇന്ത്യ എന്ന ഡെമോക്രാറ്റിക് റിപ്പബ്ലിക്ക്  രാജ്യത്തെ ജനങ്ങൾക്ക് ഭരണഘടന  നിലവിലുള്ള ഗവൺമെൻ്റ്  ഉറപ്പ് വരുത്തുന്നുണ്ട് . 1950 മുതൽ എല്ലാ വർഷവും 26ജനുവരി റിപ്പബ്ലിക്ക് ദിനം ആഘോഷിക്കാറുണ്ട് . ഇന്ത്യ റിപ്പബ്ലിക്ക് ആകുന്നതിന് മുൻപെതന്നെ 1948 അൗഗസറ്റ് 15ന്  ഇന്ത്യക്ക്  സ്യാതന്ത്ര്യവും കിട്ടി. അതിൽ പ്രധാനപങ്ക് വഹിച്ചത് ഗാന്ധിജിയാണ് .  നേടി കൊടുത്ത സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുകയാണ് ഈ സമൂഹം . സ്വയം നശിക്കുകയാണ്. അത് തെറ്റ് ആണ് .

**ADIL MUBARAK N**

# ഭൂമി നമ്മുടെ അമ്മ



നിൻ സ്നേഹത്തിനു മുന്നിൽ അമ്മേ

നാം വെറും പുഴുക്കളായി മാറി പോകേ

വേദനിപ്പൂ എന്റെ ഹൃദയം

സസ്നേഹം തിരികെ തരാൻ കഴിയുന്നില്ലമ്മേ....

അമ്മേയപ്പോലെ സംരക്ഷിച്ചീടും നമ്മേ

അമ്മയാണല്ലോ നമ്മുക്കെല്ലാം.

തിരികെ തരണമാ സ്നേഹം

എന്നാൽ അനുവദിക്കില്ലമ്മേ മനുഷ്യർ.

അമ്മ പകരുമാ സ്നേഹത്തെ ഞാൻ സ്വർണ്ണ

ലിപികളാൽ രചിച്ചാലും അമ്മതൻ സ്നേഹത്തെ

അളക്കാൻ കഴില്ലെന്ന ബോധമുണ്ടെന്റെ മനസിൽ.

അമ്മയാണു നമ്മുക്കെല്ലാം.......

ഭൂമിയായ അമ്മയാണു നമ്മുക്കെല്ലാം..........

മാതൃത്വം എന്ന വാക്കിന്റ

അർത്ഥം പൂർണ്ണമാക്കിയ പുണ്യഭൂമി

ഭൂമിയായി വായുവായ് പാട്ടിന്റ ഈണമായി

നമ്മെ തലോടും അമ്മേ

അമ്മയാണു നമ്മുക്കെല്ലാം

ഭൂമിയായ അമ്മതന്നെ നമ്മുക്കെല്ലാം..........

Anaswara H S

# ലഹരിയുടെ ലോകം



ലഹരി ഒരു ഉന്മാദാവസ്ഥയാണ് കൗതകത്തിൽ തുടങ്ങി നാശത്തിൽ അവസാനിക്കുന്ന വിപത്താണ് ലഹരി. മുതിർന്നവരെ വെച്ച് നോക്കുമ്പോൾ കൗമാരകാരിലും സ്കൂൾകുട്ടികളിലുമാണ് ഇപ്പോൾ ലഹരി ഉപയോഗം വർധിക്കുന്നത് . സ്കൂളിന് സമീപം ലഹരി വിൽപ്പനനടത്തുന്നവരെ നിയമപരമായി ശിക്ഷിച്ചുവെങ്കിലും ഇപ്പോഴും ഇതിന് അടിമപ്പെടുത്തുന്നർ അധികമാണ് . ഇതിന് അടിമപ്പെട്ടവർ പിന്നീട് മറ്റുള്ളവരെ ഇതിലേക്ക് ആകർഷിച്ചു .അവരെ ലഹരിക്ക് അടിമപ്പെടുത്തുന്നു. ലഹരിയെ കുട്ടികളുടെ മുൻപിൽ എത്തിക്കുന്നത് ആകർഷകമായ രുചിയിലും മണത്തിലും പല വർണ്ണങ്ങളിലുമാണ് .അവർക്ക് കിട്ടുന്ന മിഠായി പോലുള്ള വസ്തുക്കൾ ലഹരിവസ്തുക്കളാണെന്ന് അറിയാതെ ഉപയോഗിക്കുന്നവരാണ് കുട്ടികളിലധികവും .

കുട്ടികൾ ലഹരിയെ ആശ്രയിക്കുന്നതിന്ന് പിന്നിൽ അവരുടെ മാതാപിതാക്കൾക്കുംപങ്കുണ്ട് .അവർ ഇത് ഉപയോഗിച്ച് മറ്റുള്ളവരെ ഉപദ്രവിക്കുമ്പോഴും , അവർ ഉപയോഗിക്കുന്നത് കണ്ടുമാണ് കുട്ടികൾ ഇതിലെക്ക് തിരിയുന്നത് .

ലഹരി ഉപയോഗിക്കുന്നവർ കൂടുതൽ ആരോടും മിണ്ടാതെ എല്ലവരോടും അകന്ന് ഒരു മുറിയിൽ അടച്ചിരിക്കും , അവർ കാരാണമില്ലാതെ ദേഷ്യപ്പെടും .ലഹരി കൂടുതൽ ഉപയോഗിച്ചാൽ അവരുടെ ചിന്താശേഷി കുറയും, ഉറക്കകുറവ് ഉണ്ടാവും .ഇതോക്കെ ലഹരിക്ക് അടിമപ്പെട്ടവരുടെ ലക്ഷണങ്ങൾ ആണ്.

ലഹരിക്ക് അടിമപ്പെട്ടവരോ ഉപയോഗിക്കുവൻ സാധ്യത ഉള്ളവർ സ്നേഹവും പരിഗണന കിട്ടാത കുട്ടികൾ , മാതാപിതാക്കളുടെപിരിഞ്ഞ് താമസിക്കുന്ന കുട്ടികൾ , ജീവതപ്രശ്നങ്ങൾകാരാണം ഇതിൽ ആദ്യം ആശ്രയം തേടി വീന്നേട് ഇതിന് അടിമപ്പെടുന്നവർ .

ഇതിനെ വേരോടേ തടഞ്ഞ് നിർത്താൻ നമ്മൾ എല്ലാവരും മുന്നിട്ട് നിൽക്കണം . പുതുതലമുറയുടെ പിൻതുണ പ്രധാന്യമായും വേണം. ലഹരി വിരുദ്ധസംഘടനങ്ങളുടെയും ,ബോധവൽകര ണക്ലാസുകളിലൂടെയും തടയാൻ കഴിയും. വീട്ടിലും അവരുടെ ചുറ്റിലും പരിഗണന കിട്ടിയാൽ അവർ ലഹരിയെ ആശ്രയിക്കുകയില്ല .

കുറഞ്ഞ വിലയ്ക്ക് വാങ്ങിയത് വലിയ വിപത്തായി മാറും .ഒരിക്കൽ ഒരു കുട്ടി അത് ഉപയോഗിച്ചാൽ അതിൽ നിന്ന് രക്ഷപ്പെട്ടാൻ വളരെ ബുദ്ധിമുട്ടാണ് ചിലപ്പോൾ അവർ ഇതിന് അടിമപ്പെട്ട് ലഹരി മറ്റുള്ളവരിൽ എത്തിക്കാൻ ശ്രമിക്കും . ആ പണംകൊണ്ട് അവർ മാതാപിതാക്കൾക്ക് വിലപിടിപ്പുള്ള വസ്തുകൾ വാങ്ങികൊടുക്കും.

ചില മാതാപിതാക്കൾ അത് എവിടെനിന്നാണ് എന്ന് തിരക്കില്ല. എന്നാൽ ചില മാതാപിതാക്കൾ എവിടെനിന്നാണ്എന്നൊക്കെ തിരക്കും അത് തെറ്റായ രീതിയിൽലാണെങ്കിൽ അത് തിരുത്താനും നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും ശ്രമിക്കും അതാണ് ശരി. എല്ലാ മാതാപിതാക്കളും ഇതാണ് ചെയ്യേണ്ടിയതും .



ലഹരി വിൽക്കാനോ ,വാങ്ങാനോ, ഉപയോഗിക്കാനോ ശ്രമിക്കാതിരിക്കുക മാതാപിതാക്കൾക്ക് കുട്ടികളുടെ മേലിൽ ഉള്ള പ്രതിക്ഷ നശിപ്പികാതിരിക്കുക ഈ ലോകത്തിൻ്റ ഭാവി പുതിയതലമുറയുടെ കൈയിലാണ് . അതുകൊണ്ട് മനപൂർവ്വമോ അല്ലാതെയോ ലഹരി എന്ന വിപത്തിൽപ്പെട്ട് ഭാവി നശിപ്പിക്കാതിരിക്കുക.

ABHINAV AJITH

## മഴ



മാനം മൂടി .തുറന്നിട്ടജനാലയിലൂടെ വെളിച്ചം മുറിക്കുള്ളിലേക്കു കയറി . അതുവരെമൂളിപാട്ട് പാടിയ ഇളംകാററ് എവിടെയോ പോയി .പകരം ശക്തിയായി കാററ് വീശി .
ജനാലയ്ക്കിടയിലൂടെ നോക്കിയപ്പോൾ കണ്ടത്
കാറും കോളും ഉള്ള ആകാശം മാത്രം ...

പെട്ടെന്ന് അകലെ കാണുന്ന മലമുകളിലൂടെ മിന്നൽ, വെളിച്ചപ്പാടിന്റെ കയ്യിലെ വാളുപോലെ തിളങ്ങി .അത് ഭീതി ഉളവാക്കുന്നു, എന്നാൽ ഭംഗിയുടെ ഉന്നതതലം പ്രകടമായിരുന്നു . മുററത്ത് നിന്ന മരങ്ങൾക്കിടയിലൂടെ കാററ് തെന്നിനീങ്ങി .മലകൾ തമ്മിൽ കൂട്ടിയിടിക്കുന്നത് പോലെ ഇടിമുഴക്കവും കേൾക്കുന്നു യാത്രയ്ക്ക് പോകാനിരുന്ന എനിക്ക് സ്വാഗതഗാനം പാടുംപോലെ ...വഴിയിൽ എല്ലായിടത്തും മഴ എനിക്ക് കൂട്ട് വന്നു.മഴത്തുള്ളികൾ എന്നിലേക്ക് എത്തി . ഉദ്ദേശസ്ഥലത്ത് എത്തിയപ്പോൾ മഴ എന്നോട് യാത്ര പറഞ്ഞു ..മഴയ്ക്ക് ശേഷമുള്ള ശൂന്യത . കണ്ണ് തുറന്ന് കട്ടിലിൽ നിന്ന് എഴുന്നേററ് പുറത്തേക്ക് നോക്കിയപ്പോഴും മഴ മരങ്ങൾക്കിടയിലൂടെ ചെടികളോട് സംസാരിക്കുന്നുണ്ടായിരുന്നു.

എന്നാൽ അങ്ങകലെ മലകൾ ആയിരുന്നില്ല പകരം പുക തുപ്പുന്ന ഫാക്ടറികൾ പ്രത്യക്ഷമായി .ജ്വലിക്കുന്ന മിന്നലിന്റെ ഭംഗി ആസ്വദിക്കുന്ന മനുഷ്യരെയും കണ്ടില്ല ...പകരം പ്രളയം പേടിച്ച് പാർപ്പിടം ഒഴിയുന്ന ആളുകളെ മാത്രം കണ്ടു..... ഒന്ന് എന്റെ മനസ്സിനെ പിടിച്ച് കുലുക്കി .മനുഷ്യരെലാം ജീവന് ആയി പോരാടുമ്പോൾ , ഒരു അമ്മക്കിളി കൂട്ടിൽ നിന്ന് വീണ തന്റെ കുട്ടികളുടെ ജീവൻ നിലനിർത്തുവാൻ പാടുപെടുന്നു..

കുത്തിയൊലിച്ച് വരുന്ന വെള്ളത്തിൽ തന്റെ കുട്ടികൾ പെട്ട് പോകുമോ എന്ന ഭയത്താൽ ആവാം അവൾ കുട്ടികൾക്ക് മുകളിൽ പറന്നു ..മറ്റൊന്നും ചെയ്യാൻ ആ തള്ളപ്പക്ഷിക്കാകുമായിരുന്നില്ല .....

കുട്ടികളെ രക്ഷിച്ചാൽ തന്നെ അവരെ സുരക്ഷിതമായി ഇരുത്താൻ ഒരുമരവും ഇല്ലായിരുന്നു തന്റെ കൂടിരിന്ന മരം അതാ മഴയിൽ ഇല്ലാതായിരിക്കുന്നു,ബാക്കിയുള്ളത്മനുഷ്യന്റെ അത്യാഗ്രഹത്താൽ ഇല്ലാതായിരിക്കുന്നു..കുത്തൊഴുക്കിൽ നിന്ന് അവരെ രക്ഷിക്കുവാൻ ശ്രമിച്ചെങ്കിലും എനിക്ക് അതിന് കഴിഞ്ഞില്ല ..കലിതുള്ളി വരുന്ന കുത്തൊഴുക്കിൽ പെട്ട് തന്റെ കുഞ്ഞുമക്കൾ ഇല്ലാതാവുന്നത് കണ്ട് നിൽക്കാനെ ആ അമ്മക്കിളിക്കായുള്ളൂ.തങ്ങളുടെ സഹജീവികൾക്ക് വിലനൽകാതെസ്വന്തംകാര്യംനോക്കുന്നമനുഷ്യജന്മമായതിൽലജ്ജതോന്നി ....
പിന്നീടുള്ള ഓരോ മഴയും അതിന്റെ അവശേഷിപ്പുകളായിരുന്നു.......

**BEEGUM NAZREEN**



## ഇന്ത്യ-സ്വാതന്ത്ര്യത്തിനു മുമ്പ്

സ്വാതന്ത്ര്യം എന്നത് നാം ഇപ്പോഴത്തെ ജനങ്ങൾക്ക് വലിയൊരു കാര്യമല്ല.എന്നാൽ 1947-നു മുമ്പ് വരെ അതൊരു സാമൂഹിക പ്രശ്നം തന്നെയായിരുന്നു.അന്ന് നമ്മുക്ക് വേണ്ടി പോരാടിയ മഹാനാണ് മഹാത്മ ഗാന്ധി.അന്ന് അദ്ദേഹം നമ്മുടെ ഇന്ത്യയെ കുറിച്ച് പറഞ്ഞത് `മനസ്സിനേയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നത പ്രതികാരങ്ങളോടുകൂടിയ ഒരു ഭയങ്കരമായ കാരാഹാരമാണ് ഇന്ത്യ' എന്നാണ്.



ആയിരക്കണക്കിനു ദേശാഭിമാനികൾ സ്വന്തം ജീവൻ ത്യജിച്ചും പല ത്യാഗങ്ങളും സഹിച്ചുമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം കിട്ടിയത്.കഷ്ടതയുടേയും വീർപ്പുമുട്ടലുകളുടേയും ഒരു വലിയ കോട്ടയായിരുന്നു നമ്മുടെ ഇന്ത്യ എന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്.ഈ വാക്കുകളിൽ നിന്നു ആ ഇന്ത്യയുടെ ഭാവം നമ്മുക്ക് മനസ്സിലാക്കാം.ബ്രിട്ടീഷുകാരുടെ അടിമത്തത്തിനു കീഴിൽ അഭിപ്രായ സ്വാതന്ത്ര്യം പോലുമില്ലാതെ അവരുടെ പീഡനങ്ങളും ശിക്ഷകളും സഹിച്ച് ഇന്ത്യ എന്ന ഒരു തടവറയിലാണ് കഴിഞ്ഞത്.സ്വന്തം നാട്ടിൽ തടങ്കൽ കിടക്കേണ്ടി വരുന്നത് വലിയ കഷ്ടമാണ്. സ്വാതന്ത്ര്യം എന്നത് മാനസികമായും ശാരീരികമായുള്ള സ്വാതന്ത്ര്യമാണ്.അല്ലാതെ വെറുതെ സ്വാതന്ത്ര്യം കിട്ടിയിട്ട് കാര്യമില്ല.

സ്വാതന്ത്ര്യസമരകാലം വീർപ്പുമുട്ടൽ നിറഞ്ഞതായിരുന്നു.ധാരാളം ആളുകൾ ജയിലിനുള്ളിലായി.പുറത്തുള്ള ആളുകളുടെയും സ്ഥിതി ഏതാണ്ട്

അതുപോലെത്തന്നെയായിരുന്നു. ഇന്ത്യക്ക് ചുറ്റും അസ്വാതന്ത്ര്യത്തിന്റെ മതിലുകൾ ഉയർന്നു.അതിനുള്ളിൽ കിടന്നു പിടഞ്ഞു.അവിടുത്തെ പ്രാണവായു അസ്വാതന്ത്ര്യം എന്ന വിഷവാതകം കൊണ്ട് മലിനമായിരുന്നു.ആ വിഷവാതകത്തെ മാലിന്യ മുക്തമാക്കിയത് ഇന്ത്യയുടെ രോമാഞ്ചമായ ഗാന്ധിജിയാണ്.

ആരും ഓർക്കാൻ ആഗ്രഹിക്കാത്ത ഭയാനകമായ അന്നത്തെ ഇന്ത്യയുടെ രേഖാ ചിത്രമാണിത്.ബ്രിട്ടീഷുകാരെ വിശേഷിപ്പിക്കാൻ 'കാലാഹി 'എന്ന പദം തികച്ചും അനുയോജ്യമാണ്.എഴുത്തച്ഛന്റെ കൃതിയായ 'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി 'ലെ ഈ പദം എന്റെ മനസ്സിലേക്ക് ഓടി വരുകയായിരുന്നു.നമ്മുടെ പൂർവികരുടെ സ്വാതന്ത്ര്യത്തെ വിഴുങ്ങിയ പെരുമ്പാമ്പുകളായിരുന്നു ബ്രിട്ടീഷുകാർ.ആ പെരുമ്പാമ്പുകളെ കൊന്ന ഗാന്ധിജി എക്കാലത്തും മനസ്സിലുണ്ടാകും.എന്നാൽ, ബ്രിട്ടീഷുകാരെ മുഴുവനായും തള്ളിപ്പറയാൻ സാധിക്കത്തുമില്ല.കാരണം,ഇവർ വന്നതു കൊണ്ടാണ് നമ്മുടെ വിരൽത്തുമ്പിൽ വിവരങ്ങൾ ലഭിക്കുന്നതും,വിവര വിനിമയ സാങ്കേതിക വിദ്യ വളർന്നതും ,നമ്മൾ ഇന്നു കാണുന്ന കമ്പ്യൂട്ടർ,മൊബൈൽ ഫോൺ തുടങ്ങിയവ ഉണ്ടായതും. കൊല്ലാൻ പിടിച്ച കോഴിക്ക് വെള്ളം കൊടുത്ത് നല്ലതുപോലെ ഉപദ്രവിച്ചുവിട്ടതു പോലെയായി കാര്യങ്ങൾ.............



AAFIYA SS



# തൂലികാനാമങ്ങൾ

സിനിക്ക് - എം.വാസുദേവൻ

സുമംഗല - ലീലാ നമ്പൂതിരിപ്പാട്

അഭയദേവ് -അയ്യപ്പൻ പിള്ള

കോവിലൻ-വി.വി അയ്യപ്പൻ

ആഷാമേനോൻ-കെ.ശ്രീകുമാർ

ചെറുകാട്-ഗോവിന്ദ പിഷാരടി

പാലാ-പാലാ നാരായണൻ നായർ

എസ്.കെ -എസ് കെ പൊറ്റക്കാട്

നന്തനാർ-പി.സി.ഗോപാലൻ

പമ്മൻ-ആർ.പി. പരമേശ്വരമേനോൻ

ഇന്ദുചൂടൻ-കെ.കെ നീലകണ്ഠൻ

പ്രേംജി- MR ഭട്ടതിരിപ്പാട്

ബെന്യാമിൻ-ബെന്നിഡാനിയേൽ

ഏകലവ്യൻ- കെ.എം മാത്യൂ

ഓംചേരി-എൻ.നാരായണപിള്ള

വിലാസിനി -എം .കെ. മേനോൻ

മാലി-വി മാധവൻ നായർ

വി.ടി-വി ടി ഭട്ടതിരിപ്പാട്

കാക്കനാടൻ-ജോർജ് വർഗീസ്

AL AMEEN N

# അവസാന ശ്വാസം



ജീവിച്ചു കൊണ്ട് ഞാൻ

എഴുതുകയാണ്

ജീവിക്കാൻ കഴിയാത്തവരുടെ

വാക്കുകൾ
വരച്ചിടുകയാണ്

ഞാനെന്ന അക്ഷരത്തെ
പേനയിലെ മഷി തീരും
വരെ

വിളക്കിലെ വെളിച്ചം
അണയും വരെ

ഞാൻ എഴുതും
ഞാൻ പോരാടും

എന്ന്,
അവസാന തുള്ളി
മഷി...

ARJUN B



## ബുദ്ധനും ആട്ടിൻകുട്ടിയും



ബുദ്ധാ
ഞാനാട്ടിൻകുട്ടി
കല്ലേറുകൊണ്ടിട്ടെന്റ കണ്ണ് പോയ്.

കൃപാധാമമേ ബുദ്ധാ കാണുവാനൊട്ടും വയ്യ
പ്രഭാതാരവും എന്നെതെളിച്ച പുൽപ്പാതയും
ഇടയൻ നഷ്ടപ്പെട്ട കുഞ്ഞാടണല്ലോ,യിനി
അലിവിന്നുറവുനീ.

കണ്ണിലേ ച്ചോര വീഴുംപാതയിൽ നീ നിൽക്കുമോ
കണ്ണിനെച്ചുംബിച്ചെന്നെ തോളിലേറ്റുമോ നിന്റെ
കണ്ണിന്റെ കനിവെല്ലാം കാണുവാൻ കഴിയുമോ.

മുള്ളുകൾ തറയ്ക്കുന്നു കാലുകൾ മുടന്തുന്നു
വിണ്ണിലേക്കുയരുന്ന വൈഖരി പോലെ നിന്റെ
പൊന്നുവാഗ്ദാനം വീണ്ടും കേൾക്കുമോ തഥാഗതാ !

മിണ്ടാത്ത നിൻ വെങ്കല പ്രതിമയെങ്ങാണാവേ
മണ്ട ഞാൻ പെട്ടിച്ചെന്റ കുരുതി സമ്മാനിക്കാം
കാരുണ്യമോ,കരസ്പർശമോയേൽക്കാതെ നിൻ
പേരുവിളിച്ചും കൊണ്ടെൻ ചോരക്കണ്ണടയവെ,

പുൽക്കൊടിത്താഴ്വരകൾ കാതിൽപ്പറഞ്ഞൂയെന്നെ
കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന കുട്ടി.

HRIDYA HS

## കാത്തിരിപ്പ്



നിനച്ചിരിക്കേണോൾ
നിലച്ചു പോകുന്ന
സ്വപ്നങ്ങളാണോ
അതോ ആശിച്ച്
പരിശ്രമിച്ചിട്ടും
ലഭിക്കാതെ പോയതാഗ്രഹങ്ങളാണോ
പാഠങ്ങളേറെ പഠിപ്പിച്ചു
പാതി ജീവിതമെങ്കിലും
തിര തീർത്തത്
എവിടെയെങ്കിലും
നിനക്ക വേണ്ടി
കാത്തിരിക്കുന്നുണ്ടാവാം
വലിയ നേട്ടങ്ങൾ
കടൽ തിരമാലകൾപോലെ
നിലക്കാതെ
ഒടുക്കമില്ലാതെ ഒഴുകാട്...

AYUSH B

# മനസ്സിനെ തളർത്തിയ കലോത്സവം



മിന്നു എന്ന പെൺകുട്ടി കഥപറച്ചിലിൽ കലാവാസനയുള്ള കുട്ടിയായിരുന്നു. കലോത്സവത്തിന്റെ സ്കൂൾ തല പരിപാടിയിൽ മിന്നു കഥ പറച്ചിലിൽ ഒന്നാം സ്ഥാനത്തെത്തി. അവൾക്ക് സബ്ജില്ലാ കലോത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. അവൾ നിരവധി ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി കലോത്സവ സ്ഥലത്തെത്തി. ജനങ്ങളുടെ മുന്നിൽ നിന്ന് കഥ അവതരിപ്പിക്കാൻ അവൾക്ക് ഭയമായിരുന്നു. ഓരോരുത്തരുടെ മുഖത്ത് നോക്കുമ്പോൾ തന്നെ അവളുടെ ആശങ്ക ഉയർന്നുവന്നു. ആശങ്കയിൽ മുഴുകി നിൽക്കുമ്പോൾ അവളുടെ നമ്പർ വിളിക്കുന്നത് അവളുടെ കാതുകളിലെത്തി. അവൾ കഥ അവതരിപ്പിക്കാൻ വേണ്ടി വേദിയിലേക്കെത്തി. വേദിയിടെ തിരശ്ശീല ഉയർന്നു. അവളുടെ ആശങ്കയും അതോടൊപ്പം ഉയർന്നു. ആശങ്കകാരണം അവൾ കഥ മറന്നുപോയി. അവൾ ഉടനെ സങ്കടത്തിലേക്ക് വഴുതി വീണു. അവൾക്ക് കഥ പറഞ്ഞ് മുഴുകിപ്പിക്കാൻ കഴിഞ്ഞില്ല. അധ്യാപികയിൽ നിന്ന് അവൾക്കൊരുപാട് ശകാരവാക്കുകൾ കേട്ടു. അധ്യാപിക അവരുടെ അഭിമാനത്തെയോർത്ത് അവളെ ശകാരിച്ചു. അവളുടെ മനസ്സിന്റെ വേദനയെക്കുറിച്ച് അധ്യാപിക ആലോചിച്ചില്ല. അങ്ങനെയിരിക്കെയാണ് ആത്മധൈര്യത്തിന്റെയും വിശ്വാസത്തിന്റെയും ആവിശ്യകതയെക്കുറിച്ച് പഠിപ്പിക്കാൻ അവരുടെ വിദ്യാലയത്തിൽ ഒരു അധ്യാപകൻ വന്നത്. ആ ക്ലാസിലൂടെ അവൾക്ക് ധൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രാധാന്യം മനസ്സിലായി. വീണ്ടും അടുത്ത കലോത്സവം വന്നെത്തി. ആ കലോത്സവത്തിൽ അവൾക്ക് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചു. നേരത്തേ ശകാരവാക്കുകൾ പറഞ്ഞ അധ്യാപിക ഇപ്പോൾ അവളെ പ്രശംസിച്ചു. പണ്ടത്തെപ്പോലെ അവൾക്ക് വീണ്ടും മത്സരബുദ്ധി ഉദിച്ചു. അവൾക്ക് വളരെയധികം സന്തോഷമായി.

ABHIJITH A
GVHSS KADAKKAL

# THANK YOU

# GVHSS KADAKKAL